LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഫാസ്റ്റ് ട്രാക്ക് കോടതികൾ

22 [3073] ശ്രീ. സി. ടി. അഹമ്മദ് അലി:

,, പി. കെ. കെ. ബാവ:

,, പി. കെ. അബ്ദുറബ്ബ്:

,, ടി. പി. എം. സാഹിർ:

,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര ഫാസ്റ്റ് ട്രാക്ക് കോടതികൾ ഇതുവരെ അനുവദിച്ചിട്ടുണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിച്ചു വരുന്നു;

(സി) മറ്റുള്ളവ എന്നത്തേക്ക് പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം കോടതികളുടെ പ്രവർത്തനംകൊണ്ട് കേസുകൾ തീർപ്പാക്കുന്നതിന് എന്ത് സമയം എടുക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 38 എണ്ണം.

(ബി) 31 എണ്ണം.

(സി) ബാക്കിയുള്ള 7 എണ്ണം. ഇതിനായുള്ള കെട്ടിടങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) 31-12-2004 വരെ പ്രവർത്തനം ആരംഭിച്ച എല്ലാ ഫാസ്റ്റ് ട്രാക്ക് കോടതികളിലും മാസം ശരാശരി 28 കേസുകൾ തീർപ്പാക്കുന്നുണ്ട്.

ജില്ലാ കോടതിക്കുവേണ്ടി ബൈ-സെന്റിനറി ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി

23 [3074] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് ജില്ലാ കോടതിക്കു വേണ്ടി ബൈ-സെന്റിനറി ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിക്കഴിഞ്ഞോ? ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നതിനുവേണ്ടി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിക്കഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഈ വർഷം തന്നെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?